മലങ്കര സുറിയാനി കത്തോലിക്കാ സഭ

# MCCL ദിനം 2020
# (മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ്)

## വിശ്വാസപരിശീലനത്തിന് വേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ സന്ദേശം

അഭിവന്ദ്യ പിതാക്കന്മാരെ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരെ, റമ്പാന്മാരെ, ബഹു. വൈദികരെ, ശെമ്മാശന്മാരെ, സന്ന്യസ്തരെ, യേശുവിൽ പ്രിയ കുഞ്ഞുങ്ങളേ,

2020 ഫെബ്രുവരി 9 ഞായറാഴ്ച മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ കുട്ടികളുടെ സംഘടനയായ മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ് (MCCL) ദിനമായി ആചരിക്കുകയാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ 2010 സെപ്റ്റംബർ 20-ന് സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ കല്പനപ്രകാരം ഔദ്യോഗികമായി രൂപം കൊണ്ടതാണ് കുട്ടികളുടെ MCCL സംഘടന.

"കർത്താവിനോടുള്ള ഭക്തി ജ്ഞാനവും പ്രബോധനവുമാകുന്നു" (പ്രഭാ : 1:27) എന്ന തിരുവചനം ആധാരമാക്കി മലങ്കര സുറിയാനി കത്തോലിക്കാസഭ, വിശ്വാസപരിശീലനത്തെ സഭയുടെ അടിസ്ഥാന ശുശ്രൂഷയായി പരിഗണിക്കുന്നു. കുഞ്ഞുങ്ങളെ വേദോപദേശം പഠിപ്പിക്കുകയും ഭക്തിമാർഗത്തിൽ പരിശീലിപ്പിക്കുകയും ചെയ്യണമെന്നുള്ളത് തിരുസഭയ്ക്ക് നമ്മുടെ കർത്താവ് ഭരമേല്പ്പിച്ചിട്ടുള്ള അതിപ്രധാനമായ കടമയാകുന്നു എന്ന് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത നമ്മെ ഓർമ്മപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ കുട്ടികൾ

നാളെ സഭയേയും സമൂഹത്തേയും വിശ്വാസത്തിലും പാരമ്പര്യത്തിലും നയിക്കേണ്ടവരാണ്. ശൈശവത്തിൽ തന്നെ ദൈവത്തെ അറിഞ്ഞ്, സഭയെയും സമൂഹത്തെയും മനസ്സിലാക്കി, സ്നേഹിച്ച് പ്രവർത്തിക്കുവാനും വളരുവാനും കുഞ്ഞുങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യമാണ് MCCL സംഘടനയ്ക്ക് ഉള്ളത്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എല്ലാ കുട്ടികളുടെയും സംഘടനയാണ് MCCL. ഒന്ന് മുതൽ പന്ത്രണ്ട് വരെ മതബോധനം പഠിക്കുന്ന എല്ലാ കുട്ടികളും ഈ സംഘടനയിൽ അംഗങ്ങളാണ്. മതബോധനം വഴിയായി വിശ്വാസ പരിശീലനത്തിന്റെ ബൗദ്ധികമായ അറിവ് പങ്കുവയ്ക്കുമ്പോൾ MCCL വഴി വിശ്വാസത്തിന്റെ പ്രായോഗിക പരിശീലനവേദി ആവിഷ്ക്കരിക്കപ്പെടുന്നു. ചെറുപ്പകാലം മുതലേ കുട്ടികളെ സംഘടനാപരമായി പ്രവർത്തിക്കാൻ MCCL എന്ന സംഘടന സഹായിക്കുന്നു. അതിനാൽ കുട്ടികളുടെ സഭാത്മകവും പ്രായോഗികവുമായ വിശ്വാസപരിശീലനത്തിന് MCCL ഊന്നൽ നൽകുന്നു. മതബോധന പാഠ്യവിഷയങ്ങളോടൊപ്പം വിശുദ്ധ ബൈബിളിലെ വ്യക്തികളെക്കുറിച്ചുള്ള പഠനം, കുട്ടികളുടെ സമഗ്രവ്യക്തിത്വ വളർച്ചയ്ക്കും നന്മയ്ക്കും ഉതകുന്ന പരിശീലനങ്ങൾ, കുട്ടികളുടെ ധാർമ്മികവും ആന്തരികവുമായ രൂപികരണത്തെ സഹായിക്കുന്ന കാര്യപരിപാടികൾ, സുവിശേഷാധിഷ്ഠിതവും, സഭാത്മകവുമായ ക്രൈസ്തവ ജീവിത പരിശീലനം, കുട്ടികളിൽ അന്തർലീനമായ കലാ സാംസ്കാരിക തലങ്ങളുടെ പരിപോഷണം ഇവയെല്ലാം MCCLപ്രസ്ഥാനത്തിന്റെ വിവിധ കർമ്മ വേദികളാണ്.

സൺഡേസ്കൂൾ പാഠ്യപദ്ധതിയും MCCL പ്രവർത്തനങ്ങളും പരസ്പരപൂരകങ്ങളായി പ്രവർത്തിക്കുന്ന കാരണത്താൽ MCCL എന്ന സംഘടന സഭാതലത്തിലും ഭദ്രാസനതലത്തിലും വിശ്വാസപരിശീലന കമ്മീഷന്റെ കീഴിലാണ് കാര്യനിർവ്വഹണം നടത്തുന്നത്. 2020 ഫെബ്രുവരി 9 MCCL ദിനമായി ആചരിക്കുമ്പോൾ, MCCL യൂണിറ്റ് ഇതുവരെയും രൂപീകരിക്കാത്ത എല്ലാ ഇടവകകളിലും, മിഷൻ കേന്ദ്രങ്ങളിലും അത് രൂപീകരിക്കുകയും സജീവമാക്കുകയും ചെയ്യുക. സൺഡേസ്കൂൾ ഭദ്രാസന ഡയറക്ടർ അച്ചൻമാരുടെയും, ഇടവക വികാരിമാരുടെയും താല്പര്യം ഇതിന് ഉണ്ടാകണമെന്ന് ഓർമ്മപ്പെടുത്തട്ടെ.



സൺഡേസ്കൂൾ പ്രധാന അദ്ധ്യാപകർ, അദ്ധ്യാപകർ, മാതാപിതാക്കൾ എന്നിവരുടെ കൂട്ടായ പരിശ്രമം MCCL സംഘടനയുടെ ഫലപ്രദമായ നടത്തിപ്പിന് അനിവാര്യമാണ്. 2020-2022 വർഷത്തേക്കുള്ള MCCL സംഘടനയുടെ ഭാരവാഹികളെ ഇടവക, ജില്ല, മേഖല, ഭദ്രാസന, അതിഭദ്രാസനതലത്തിലും എത്രയും വേഗം രൂപീകരിക്കണമെന്ന് ഈ അവസരത്തിൽ ഓർമ്മപ്പെടുത്തട്ടെ.

2020 MCCL ദിനം എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാനും ഈ പ്രസ്ഥാനത്തിന്റെ പ്രസക്തി വിശ്വാസ സമൂഹത്തെ, പ്രത്യേകിച്ച് കുട്ടികളെയും മാതാപിതാക്കളെയും ബോദ്ധ്യപ്പെടുത്തുവാനും എല്ലാവരും ശ്രദ്ധിക്കുമല്ലോ. വി. കുർബാനയിലെ സമർപ്പണം, സമ്മേളനം, പൊതുപഠനവേദികൾ, കുട്ടികളുടെ വിവിധ കലാപരിപാടികൾ തുടങ്ങിയവ അന്നേദിവസം ക്രമീകരിക്കേണ്ടതാണ്. കുട്ടികളുടെ വിശ്വാസപരിശീലനം എന്ന ശ്രേഷ്ഠമായ ദൗത്യത്തിൽ ത്യാഗപൂർവ്വം പങ്കുചേരുന്ന എല്ലാവർക്കും സഭയുടെ നാമത്തിൽ നന്ദി അറിയിക്കുന്നു. ഏവരുടെയും പ്രാർത്ഥനപൂർവ്വമായ സഹായവും സഹകരണങ്ങളും സ്നേഹപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം.

+ Eusebius

31.01.2020
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

**✠ തോമസ് മാർ യൗസേബിയോസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
വിശ്വാസ പരിശീലന സുന്നഹദോസ് കമ്മീഷൻ ചെയർമാൻ.

---

N.B. ഈ സർക്കുലർ MCCL ദിനമായ ഫെബ്രുവരി 9-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ, നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.